## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5385 — 06.07.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.സുധാകരൻ :<br>,, കെ.കുഞ്ഞിരാമൻ (ഉദുമ) :<br>പ്രൊഫ.സി.രവീന്ദ്രനാഥ് :<br>ശ്രീ.എ.പ്രദീപ്കുമാർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; ഇത് പര്യാപ്തമാണെന്ന് അഭിപ്രായമുണ്ടോ ;<br>(ബി) സ്വകാര്യ ആശുപത്രികളുടെ സേവനങ്ങൾ,പ്രവർത്തിക്കുന്നവരുടെ യോഗ്യത, ചികിത്സയ്ക്കും പരിശോധനകൾക്കും മറ്റും ഈടാക്കുന്ന ഫീസ്, ജീവനക്കാരുടെ വേതനം, ഈ വക കാര്യങ്ങളിൽ എന്തെല്ലാം നിലയിലുള്ള നിയന്ത്രണങ്ങളാണിപ്പോൾ ഉള്ളത് ; വിശദമാക്കുമോ ; | (എ) & (ബി):<br>സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിലേക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് വിട്ടിരിക്കുകയാണ്. ടി വകുപ്പിന്റെ ഉപദേശം കിട്ടുന്ന മുറയ്ക്ക് ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ വീണ്ടും ദുർബലപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിൽ രോഗികൾ സ്വകാര്യ ആശുപത്രികളെ കൂടുതലായി ആശ്രയിക്കാൻ നിർബന്ധിക്കപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ